**KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED (KSIDC)**
**2 nd FLOOR, CHOICE TOWERS, MANORAMA JUNCTION**
**KOCHI -682016**
**PH: 91-484-2323010**

**KSIDC/KIS/2024-25/10/01** **18/10/2024**

## ലേല നോട്ടീസ്

വിഷയം : **കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലെപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിൻറ്റെ അധീനതയിലുള്ള ഇൻഡസ്ട്രിയൽ സ്പേസ് കാസർഗോഡിലെ ( നെല്ലിക്കുന്ന് ബീച്ച് റോഡ്, കാസർഗോഡ്) 1.99 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന വിവിധയിനം മരങ്ങൾ ലേലം ചെയ്തു വിൽക്കുന്നത് സംബന്ധിച്ചു.**

.............................

**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലെപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിൻറ്റെ അധീനതയിലുള്ള ഇൻഡസ്ട്രിയൽ സ്പേസ് കാസർഗോഡ്) കാസർഗോഡിലെ ( നെല്ലിക്കുന്ന് ബീച്ച് റോഡ്, കാസർഗോഡ്) 1.99 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന** വിവിധയിനം മരങ്ങൾ വില്കുന്നതിനുള്ള ലേലം / മുദ്ര വെച്ച ദർഘാസുകൾ **02/11/2024 തീയതി 03:00 PM വരെ കെ എസ് ഐ ഡി സിയുടെ കണ്ണൂർ കുത്തുപറമ്പു** വ്യവസായ വളർച്ചാ കേന്ദ്രത്തിൽ സ്വീകരിക്കുന്നു തുടർന്ന് **04/11/2024 തീയതി 11:30AM മണിയ്ക്ക് കാസർഗോഡ് ജില്ലാ** വ്യവസായ കേന്ദ്രത്തിൽ (വിദ്യാനഗർ) വെച്ച് പരസ്യമായി ലേലം ചെയ്തു വില്കുന്നതാണ്..

നിരതദ്രവ്യം **- 5,600** രൂപ
വനവികസന നികുതി - വില്പന വിലയുടെ **5 %**

ലേല നിബന്ധനകൾ :-

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് ലേലത്തിന് മുൻപായി സ്ഥലത്തെ മരങ്ങൾ പരിശോധിക്കാവുന്നതാണ്.

(മറുപുറം കാണുക)

2. നിരതദ്രവ്യം ഡിമാൻഡ് ഡ്രാഫ്റ്റ് രൂപത്തിൽ കെ. എസ്.ഐ.ഡി.സി.ക്കു സമർപ്പിച്ചതിനു ശേഷം മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. ലേലത്തിൽ പങ്കെടുക്കുവാൻ കഴിയാത്തവർ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ നേരിട്ടു ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതോടൊപ്പം നിരതദ്രവ്യം കെ.എസ്.ഐ.ഡി.സി.യുടെ പേരിൽ അടവാക്കിയ ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യണം. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 02/11/2024 തീയതി 3:00 PM വരെ.

3. പൂർണ്ണമായി പൂരിപ്പിച്ച മുദ്രവെച്ച ദർഘാസുകൾ 5,600 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തു കവറിനു പുറത്തു ദർഘാസ് വിവരം രേഖപ്പെടുത്തി, അസിസ്റ്റൻഡ് മാനേജർ (INFRA), വ്യവസായ വളർച്ച കേന്ദ്രം ( ഐ. ജി. സി) വലിയവെളിച്ചം , കെ.എസ്.ഐ.ഡി.സി 670643 , എന്ന മേൽവിലാസത്തിൽ 02/11/2024 നു 03: 00 PM - ന് മുൻപായി കെ എസ് ഐ ഡി സിയുടെ കണ്ണൂർ, കുത്തുപറമ്പു വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്.

4. പരസ്യലേലത്തിനു ശേഷം ഓഫീസിൽ ലഭിച്ചിട്ടുള്ള സീൽ ചെയ്ത ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതായിരിക്കും. ഏറ്റവും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ അല്ലെങ്കിൽ ലേലം കൊണ്ട ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലത്തുക + GST (18%) യുടെ 50% അന്നേ ദിവസം തന്നെ ഡി.ഡി. / ചെക്ക് ആയി അടവാക്കേണ്ടതാണ്. ബാക്കി തുക (ഡി.ഡി. / ചെക്ക് ആയി) 3 - ദിവസത്തിനുള്ളിൽ അടവാക്കേണ്ടതാണ്.

5. ഏതെങ്കിലും കാരണവശാൽ ലേലം/ക്വട്ടേഷൻ എടുത്തയാൾ മുഴുവൻ തുകയും യഥാസമയം അടയ്ക്കുവാൻ മുടക്കം വരുത്തുകയാണെങ്കിൽ നിരതദ്രവ്യവും, അടച്ച 50% തുകയും കണ്ടുകെട്ടുന്നതാണ്

6. കെ. എസ്.ഐ.ഡി.സി. ഓഫീസിൽ നിന്നും അംഗീകാരം ലഭ്യമായതിനുശേഷം വിൽപ്പന വിലയുടെ അഞ്ച് ശതമാനം വന വികസന നികുതിയിനത്തിൽ 0406-01-101-96 - വന വികസന നികുതി എന്ന ശീർഷകത്തിൽ കാസർകോട് ജില്ലാ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

7. കെ.എസ്.ഐ.ഡി.സി. ഓഫീസിൽ നിന്നും അംഗീകാരം ലഭ്യമായതിനുശേഷം 30 ദിവസത്തിനുള്ളിൽ കരാറുകാരൻ സ്വന്തം ചിലവിൽ മരങ്ങൾ ശിഖരങ്ങൾ അടക്കം നീക്കം ചെയ്യേണ്ടതാണ്. മരത്തിൻറെ വേരുകൾ സ്ഥലത്തെ മണ്ണ് എന്നിവ നീക്കം ചെയ്യാനുള്ള അനുവാദമില്ല

(മറുപുറം കാണുക)

8. മരങ്ങൾ മുറിക്കുന്നതിനു മുമ്പ് പക്ഷിക്കൂട് ഇല്ല എന്നും പക്ഷികൾ വസിക്കുന്നില്ല എന്നും വിശ്രമിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. മരങ്ങൾ മുറിക്കുമ്പോൾ മനുഷ്യനോ പക്ഷികൾക്കോ മറ്റ് ജീവജാലങ്ങൾക്കോ യാതൊരുവിധ ആപത്തോ ശല്യങ്ങളോ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. മരങ്ങൾ മുറിച്ചു മാറ്റുന്ന സമയത്ത് അനുമതി നൽകിയ മരം തന്നെയാണ് മുറിച്ചുമാറ്റുന്നത് എന്നും ടി മരത്തിൽ നിന്നുള്ള തടികൾ തന്നെയാണ് നീക്കം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്

10. മറ്റു വിശദാംശങ്ങളും, ദർഘാസ് ഫോറവും കെ.എസ്.ഐ.ഡി.സി. വെബ്സൈറ്റിലും കൊച്ചി ഓഫീസിലും കെ.എസ്.ഐ.ഡി.സി യുടെ കണ്ണൂർ കുത്തുപറമ്പു വ്യവസായ വളർച്ച കേന്ദ്രത്തിലും ലഭ്യമാണ്.

11. ലേലം ഉറപ്പിക്കുവാനോ മാറ്റി വെയ്ക്കുവാനോ കൂടാതെ ലേല സംബന്ധമായ തീരുമാനങ്ങൾ എടുക്കുവാനും ഉള്ള എല്ലാ അധികാരങ്ങളും കെ. എസ്.ഐ.ഡി.സി.യിൽ നിക്ഷിപ്തമാണ്. കെ.എസ്.ഐ.ഡി.സി.യുടെ തീരുമാനം അന്തിമമായിരിക്കും.

കേരള സംസ്ഥാന വ്യവസായ വികസന
കോർപ്പറേഷൻ ലിമിറ്റഡിനു വേണ്ടി

Sd/-
ഡെപ്യൂട്ടി ജനറൽ മാനേജർ (INFRA)